
# അദ്ധ്യായം - 2



ഈ പുസ്തകം എഴുതുന്നതിനുള്ള ഉദ്ദേശം - ഈ ഉദ്യമത്തിനുള്ള അപര്യപ്തതയും ധൈര്യവും - ചൂടുപിടിച്ച വാഗ്വാദം - ഹേമദ്പാന്ത് എന്ന വേദാന്തപരവും സുപ്രധാനവുമായ നാമകരണം - ഒരു ഗുരുവിന്റെ ആവശ്യകത - കഴിഞ്ഞ അദ്ധ്യായത്തിൽ ഗ്രന്ഥകാരൻ മറാത്തിയിൽ എഴുതിയ മൂലഗ്രന്ഥത്തിൽ ഈ പുസ്തകം എഴുതുവാനുള്ള സാഹചര്യങ്ങളെയും ഇതു വായിക്കാൻ അർഹതപ്പെട്ടവരെപ്പറ്റിയും മറ്റും പ്രസ്താവിക്കാമെന്ന് പറഞ്ഞതിനെ ഈ അദ്ധ്യായത്തിൽ അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു.

## ഈ പുസ്തകം എഴുതുന്നതിന്റെ ഉദ്ദേശം

ഒന്നാമദ്ധ്യായത്തിൽ സായിബാബ ഗോതമ്പുപൊടി ഗ്രാമാതിർത്തിക്ക് പുറത്ത് വിതറി, കോളറ നിയന്ത്രിച്ച അതിശയലീലയെപ്പറ്റി പ്രസ്താവിച്ചുവല്ലോ. പിന്നീട് അനവധി അതിശയലീലകളെപ്പറ്റി കേൾക്കാൻ ഇടവന്ന എനിക്കുണ്ടായ ആനന്ദധാര ഒഴുകിയതാണ് ഈ കാവ്യം. സായിബാബയുടെ അതിശയലീലകൾ വിവരിക്കുന്ന ഒരു ഗ്രന്ഥം ഭക്തന്മാർക്ക് ആനന്ദകരവും ഉപ

ദേശകരവും ആയിരിക്കുമെന്നും അതവരുടെ പാപങ്ങളെ ഇല്ലായ്മ ചെയ്യുമെന്നും ഉദ്ദേശിച്ചാണ് സായിബാബയുടെ ജീവിതത്തെപ്പറ്റിയും ഉപദേശങ്ങളെപ്പറ്റിയും ഞാൻ പ്രദിപാദിക്കുന്നത്. ഒരു ഋഷിയുടെ ജീവിതം വിവാദപരവും സാധാരണക്കാരനു മനസ്സിലാക്കാൻ പ്രയാസമുള്ളതുമാണ്. അത് നമുക്ക് സത്യത്തിന്റെയും മാഹാത്മ്യത്തിന്റെയും വഴി കാണിച്ചു തരുന്നു.

## ഈ ഉദ്യമത്തിനുള്ള അപര്യാപ്തതയും ധൈര്യവും

ഹേമദ്പാന്തിന് ഇത്തരത്തിലുള്ള ഒരു പുസ്തകമെഴുതാൻ പറ്റിയ ഒരാളല്ല ഞാൻ എന്ന ഒരു ധാരണ ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു-എന്റെ ഏറ്റവും അടുത്ത സുഹൃത്തിന്റെ ജീവിതത്തെപ്പോലും എനിക്കറിയില്ല. എന്റെ സ്വന്തം മനസ്സിനെപ്പോലും എനിക്കറിയില്ല. എന്നിരിക്കെ ഒരു ഋഷിയുടെ ജീവിതത്തെപ്പറ്റി എഴുതാനും വേദങ്ങളാൽപ്പോലും കഴിയാത്ത അവതാര മാഹാത്മ്യത്തെപ്പറ്റി വിവരിക്കാനും എനിക്ക് എങ്ങനെ കഴിയും? മറ്റൊരു ഋഷിയെ അറിയുന്നവൻ തന്നത്താൻ ഒരു ഋഷിആയിരിക്കണം. എന്നിരിയ്ക്കെ, അവരുടെ മാഹാത്മ്യത്തെപ്പറ്റി ഞാൻ എങ്ങനെ വിവരിക്കും? ഒരു ഋഷിയുടെ ജീവിതത്തെപ്പറ്റി വിവരിക്കുക ഏറ്റവും ശ്രമകരമാണ്. അത് ഏഴു കടലിലെ വെള്ളം അളക്കുന്നതിനും ആകാശം തുണികൊണ്ട് മൂടുന്നതിനും സമമാണ്. ഇത് എന്നെ ആൾക്കാരെക്കൊണ്ടു പരിഹസിപ്പിക്കലായിരിക്കുമെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ഈ കാരണത്താൽ സായിബാബയുടെ കരുണയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു. മഹാരാഷ്ട്രയിലെ സുപ്രധാനനായ കവിയും ഋഷിയുമായ ശ്രീ. ജ്ഞാനേശ്വർ മഹാരാജ് ഒരിക്കൽ പറയുകയുണ്ടായി, ഋഷിയുടെ ജീവിതത്തെപ്പറ്റി എഴുതുന്നവരെ ദൈവം പ്രേമിക്കുന്നു എന്ന്. ഋഷിമാർക്കും, ഭക്തന്മാരുടെ ആശയ്ക്കനുസരിച്ച്

അത്തരം പ്രവൃത്തികൾ പൂർത്തീകരിച്ചുകൊടുത്ത് അവരുടെ സേവനം സ്വീകരിക്കുന്നത് ഒരു പ്രത്യേക സ്വഭാവമാണ്. ഋഷിമാർ പ്രചോദനം കൊടുക്കുന്നതോടുകൂടി ഭക്തൻ ഒരു പണി ആയുധവും ഉപാധിയുമായി മാറി അത്തരം പ്രവൃത്തികൾ വിജയത്തിൽ കലാശിക്കുന്നു. ഉദാഹരണമായി ശകവർഷം 1700-ാമാണ്ടിൽ മഹീപതി എന്ന കവി, ഋഷിമാരുടെ ജീവചരിത്രത്തെ എഴുതാനാഗ്രഹിച്ചു. ഋഷിമാർ അദ്ദേഹത്തിന് പ്രചോദനം കൊടുത്ത് ആ പ്രവൃത്തികൾ പൂർത്തീകരിച്ചു. അതുപോലെതന്നെ ശകവർഷം 1800-ാമാണ്ടിൽ ദാസ്ഗനുവിന്റെ സേവനങ്ങളെ സ്വീകരിക്കപ്പെട്ടു. അദ്ദേഹം എഴുതിയ നാല് പുസ്തകങ്ങളാണ് ഭക്തവിജയം, സന്തവിജയം, ഭക്തലീലാമൃത്, സന്തകഥാമൃത് എന്നിവ. ഇവയിൽ ആധുനിക ഋഷിമാരുടെ ജീവചരിത്രങ്ങളാണ് പ്രതിപാദിച്ചിട്ടുള്ളത്. ഭക്തലീലാമൃതിന്റെ 31,32,33 അദ്ധ്യായങ്ങളിലും സന്തകഥാമൃതിന്റെ 57-ാം അദ്ധ്യായത്തിലും സായിബാബയുടെ മാധുര്യമാർന്ന ജീവിതരീതിയും സന്ദേശങ്ങളും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇവ 'സായിലീലാ' മാസികയിൽ 17-ാം വാള്യം 11,12 പതിപ്പുകളിൽ പ്രത്യേകമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വായനക്കാരോട് ഈ അദ്ധ്യായങ്ങൾ വായിക്കാൻ നിർദ്ദേശിക്കുന്നു. അതുപ്രകാരം തന്നെ സായിബാബയുടെ അത്ഭുതലീലകൾ ശ്രീസായ്നാഥ് ഭജനമാല എന്നൊരു ചെറിയ പുസതകത്തിൽ ബാന്ദ്രാക്കാരിയായ ശ്രീമതി സാവിത്രിബായ്, രഘുനാഥ് ടെണ്ടുൽക്കർ എഴുതിയിട്ടുണ്ട്. ദാസ്ഗനു മഹാരാജും സായിബാബയെപ്പറ്റി മധുരമായ കവിതകളെഴുതിയിട്ടുണ്ട്. ഗുജറാത്തിയിൽ ആമിദാസ് ഭവാനിമേത്ത എന്ന ഭക്തനും സായിബാബയുടെ കഥകൾ എഴുതിയിട്ടുണ്ട്. സായിനാഥ് പ്രഭ എന്ന ഷിർദ്ദിയിലെ ദക്ഷിണഭിക്ഷാ സാംസ്ത വക മാസികയിലെ ഏതാനും പതിപ്പുകളിലും ഈ കഥകൾ വന്നിട്ടുണ്ട്. സ്വാഭാവി

കമായും ഒരു ചോദ്യം ചോദിക്കാനിടയുണ്ട്. ഇത്രയധികം സായി കഥകൾ എഴുതിയിരിക്കെ എന്താണ് ഇത്തരത്തിലുള്ള ഒരു സച്ച രിതത്തിന്റെ ആവശ്യമെന്ന്? അതിന് ഋജുവും ലളിതവുമായ ഉത്ത രമുണ്ട്. സായിബാബയുടെ ജീവചരിത്രം അനന്തമായ സമുദ്ര ത്തിനു സമാനമാണ്. അതിൽ മുങ്ങിതപ്പുന്ന ഏതൊരാൾക്കും വിലപിടിച്ച രത്നങ്ങളാകുന്ന ജ്ഞാനവും ഭക്തിയും ലഭിക്കും. അവയെ പൊതു ജനങ്ങൾക്ക് വിതരണം ചെയ്യാം. സായിബാബ യുടെ സന്ദേശങ്ങളും കഥകളും ഉദാഹരണങ്ങളും മാസ്മര ശക്തി യുള്ളവയാണ്. അത് ജനങ്ങൾക്ക് ശാന്തിയും സമാധാനവും നൽകുന്നു. അതോടുകൂടിത്തന്നെ ലൗകികത്തിന്റെ കഷ്ടപ്പാടു കളും വ്യസനങ്ങളും ഭാരങ്ങളും മറക്കാനും, വിജ്ഞാനവും, ബുദ്ധിയും പകർന്നുകൊടുത്ത് ആദ്ധ്യാത്മികത്വത്തിലേക്ക് നയി ക്കുവാനും അവ സഹായിക്കുന്നു. വേദതുല്യമായ ബാബയുടെ പ്രഭാഷണങ്ങളും സന്ദേശങ്ങളും ശ്രദ്ധിച്ച് മനനം ചെയ്യുന്നവർക്ക് അവർ ആഗ്രഹിക്കുന്നതെന്തും, അതായത് ബ്രഹ്മങ്കലുള്ള ഐക്യവും അഷ്ടവിധ യോഗ സിദ്ധിയും ധ്യാനശക്തി മുതലാ യതുകളും ലഭിക്കുന്നു. അക്കാരണത്താൽ ഈ സൽക്കഥകളെ സംഭരിച്ച് സമാഹാരമാക്കാൻ ഞാൻ തീരുമാനിച്ചു. അതാണെന്റെ ജീവിതത്തിന്റെ ഉപാസനയും. സായിബാബയുടെ ദർശന ത്താൽ അനുഗ്രഹീതരാവാൻ ഭാഗ്യം ലഭിക്കാത്ത ശുദ്ധഹൃദ യന്മാർക്ക് ഈ സമാഹാരം ആനന്ദപ്രദമാകട്ടെ. അക്കാരണ ത്താൽ സായിബാബയുടെ സന്ദേശങ്ങളും പ്രഭാഷണങ്ങളും സീമാതീതമായ ആത്മജ്ഞാനകഥകളും ഞാൻ സംഭരിക്കു വാൻ തുടങ്ങി. ഇതിന് എനിക്ക് പ്രചോദനം തന്നതും സായി ബാബ തന്നെയാണ്. ഞാനെന്റെ അഹങ്കാരത്തെ ബാബയുടെ പാദത്തിങ്കൽ വെച്ച് എന്റെ മാർഗ്ഗം ശുദ്ധമാണെന്നു സങ്കൽപ്പി ച്ച്, ഇഹത്തിലും പരത്തിലും എന്റെ മാർഗ്ഗം ആനന്ദത്തിന്റേതാക്കു മെന്നു തീരുമാനിച്ചു.

സായിബാബയോട് ഈ പുസ്തകമെഴുതാൻ എനിക്കു നേരിട്ട് അനുവാദം ചോദിപ്പാൻ കഴിയാത്തതുകൊണ്ട് മാധവറാവുദേശ്പാണ്ഡെ എന്നറിയപ്പെടുന്ന ബാബയുടെ അടുത്ത ഭക്തനായ ശാമ എനിക്കുവേണ്ടി ഇപ്രകാരം പറഞ്ഞു: " ഈ അന്നാസാഹേബിന് അവിടുത്തെ ജീവചരിത്രം എഴുതണമെന്നാഗ്രഹമുണ്ട്. അവിടുന്ന് ഒരു ഭിക്ഷാംദേഹിയായ ഫക്കീറാണെന്നും ജീവചരിത്രം എഴുതേണ്ടതില്ലെന്നും തടസ്സം പറയരുത്. അവിടുന്നനുവദിച്ചു സഹായിച്ചാൽ അവിടുത്തെ അനുഗ്രഹംകൊണ്ട് അയാൾ പുസ്തകം എഴുതിത്തീർക്കും. അവിടുത്തെ അനുഗ്രഹമില്ലാതെ ഒന്നും വിജയപ്രദമാവുന്നില്ല". ഇതുകേട്ടപ്പോൾ സായിബാബ സന്തുഷ്ടനായി എന്നെ അനുഗ്രഹിച്ച് എനിക്ക് ഉധി തന്ന് എന്റെ തലയിൽ കൈവച്ചനുഗ്രഹിച്ച് ഇപ്രകാരം പറഞ്ഞു. "അയാൾ കുറെ കഥകളും അനുഭവങ്ങളും ശേഖരിക്കട്ടെ. അതിന്റെ ഓർമ്മക്കുറിപ്പുകളുണ്ടാക്കട്ടെ. ഞാൻ സഹായിച്ചുകൊള്ളാം. അയാൾ വെറുമൊരു ബാഹ്യോപകരണം മാത്രമാണ്. അയാളിൽക്കൂടി ഞാൻ തന്നെ എന്റെ ജീവചരിത്രമെഴുതി ഭക്തന്മാരുടെ ആഗ്രഹങ്ങൾ സാധിച്ചുകൊള്ളാം. അയാളുടെ അഹങ്കാരം മുഴുവനുപേക്ഷിച്ച് എന്റെ കാൽക്കൽ വെക്കട്ടെ. യാതൊരുത്തനപ്രകാരം ചെയ്യുന്നുവോ അയാളെ ഞാനേറ്റവും സഹായിക്കും. എന്റെ ജീവചരിത്രത്തെ പറ്റിയല്ലേ? അയാളുടെ സ്വന്തം വീട്ടിൽവെച്ച് ഞാൻ എന്നാലാവുന്ന എല്ലാ സേവനങ്ങളും ചെയ്തുകൊള്ളാം. അയാളിലുള്ള അഹങ്കാരം പരിപൂർണ്ണമായും അവസാനിച്ചാൽ അതായത് അതിന്റെ നിഴൽപോലും മാഞ്ഞുകഴിഞ്ഞാൽ ഞാൻതന്നെ അയാളിൽ അധിനിവേശം ചെയ്തു എന്റെ ജീവചരിത്രം എഴുതിക്കൊള്ളാം. എന്റെ കഥകളും സന്ദേശങ്ങളും കേൾക്കുന്നവർക്കു ഭക്തി താനേ ജനിച്ച് ആത്മജ്ഞാനവും ആനന്ദവും ലഭിക്കും. ഒരാളുടെ കാഴ്ചപ്പാട് മറ്റുള്ളവരിലടിച്ചേൽപ്പിക്കാനുള്ള നിർബന്ധബുദ്ധി പാടില്ല. മറ്റൊരാ

ളുടെ അഭിപ്രായഗതിയെ എതിർക്കാനും പാടില്ല. ഒരു വിഷയ ത്തിന്റെയും സ്വീകാര്യതയെപ്പറ്റിയും, അസ്വീകാര്യതയെപ്പറ്റിയും ചർച്ച ചെയ്യാനും പാടില്ല". ഇതാണ് ബാബ പറഞ്ഞ മറുപടി. 'ചർച്ച' എന്ന പദം, ഹേമദ്പാന്ത് എന്ന സ്ഥാനപ്പേര് എനിക്കെ ങ്ങനെ കിട്ടി എന്നു ഞാൻ പറയാമെന്ന് വായനക്കാരോട് ചെയ്ത വാഗ്ദത്തത്തെ എന്നെ ഓർമ്മിപ്പിക്കുന്നു. കാക്കാ സാഹേബ് ദീക്ഷിതും നാനാ സാഹേബ് ചന്ദോർക്കറും എന്റെ അടുത്ത മിത്ര ങ്ങളായിരുന്നു. അവരെന്നോട് ഷിർദ്ദിയിൽപോയി ബാബയെ ദർശനം ചെയ്യാൻ നിർബന്ധിക്കുകയും ഞാൻ അപ്രകാരം ചെയ്യാ മെന്ന് വാഗ്ദത്തം ചെയ്യുകയും ചെയ്തു. പക്ഷെ ഇടക്കാലത്തു ണ്ടായ തിരിച്ചലുകളെക്കൊണ്ട് എനിക്കു ഷിർദ്ദിക്കുപോകാൻ കഴി ഞ്ഞില്ല. ലോനവാലയിൽ ഉള്ള എന്റെ ഒരു സ്നേഹിതന്റെ മകൻ രോഗബാധിതനായി. അയാളെക്കൊണ്ടാവുന്നതെല്ലാം പരിശ്രമി ച്ചിട്ടും പനിവിട്ടുമാറിയില്ല. അയാളുടെ ഗുരുവെ മകന്റെ കിടക്ക ക്കരുകിൽ ഇരുത്തി നോക്കി. എന്നിട്ടും കാര്യമുണ്ടായില്ല. ഇതു കേട്ട് ഞാൻ ആലോചിച്ചു. 'എന്താണ് ഗുരുവിനെക്കൊണ്ടൊരു പ്രയോജനം? അയാൾക്കെന്റെ സുഹൃത്തിന്റെ മകനെപ്പോലും രക്ഷിക്കാൻ കഴിഞ്ഞില്ല. ഒരു ഗുരുവിന് നമുക്കുവേണ്ടി ഒന്നും ചെയ്യാൻ കഴിയില്ലെങ്കിൽ ഞാനെന്തിനാണ് ഷിർദ്ദിക്കു പോകു ന്നത്? ഇങ്ങനെ ആലോചിച്ചുകൊണ്ട് ഞാനെന്റെ ഷിർദ്ദി യാത്ര നീട്ടിവെച്ചു. പക്ഷേ സംഭവിക്കേണ്ടത് സംഭവിച്ചേ തീരൂ. അത് എന്റെ കാര്യത്തിൽ ഇപ്രകാരമാണുണ്ടായത്. പ്രാന്ത് ഓഫീസ റായിരുന്ന നാനസാഹെബ് ചന്ദോർക്കർ ബസ്സീനിലേക്ക് ടൂർ പോവുകയായിരുന്നു. താനയിൽനിന്നും ദാദറിലെത്തി, അയാൾ ബസ്സീനിലേക്കുള്ള വണ്ടിയും കാത്ത് നിൽക്കുകയായിരുന്നു. അപ്പോൾ ബാന്ദ്രയിലേക്കുള്ള ലോക്കൽ വണ്ടി വന്നു. അങ്ങിനെ അയാൾ ബാന്ദ്രയിലെത്തി. എന്നെ വിളിപ്പിച്ചു ഷിർദ്ദിയിൽ പോകാ ത്തതിനെപ്പറ്റി ശാസിച്ചു. ഞാൻ ഷിർദ്ദിക്കു പോകണമെന്ന നാന

യുടെ വാദഗതി ആനന്ദകരമായതും എന്നെ ബോദ്ധ്യപ്പെടുത്തുന്നമായതുകൊണ്ട് അന്നു രാത്രി തന്നെ ഞാൻ ഷിർദ്ദിക്കു പോകാൻ തീരുമാനിച്ചു. ഞാൻ എന്റെ ലഗേജുമെടുത്തു ഷിർദ്ദിക്കു പുറപ്പെട്ടു. ദാദറിൽ ചെന്ന് മന്മാഡിലെക്ക് വണ്ടി കയറാമെന്ന് കരുതി ദാദറിലേക്ക് ബുക്ക് ചെയ്ത് ഞാൻ വണ്ടിയിൽ കയറി. വണ്ടി പുറപ്പെടാറായപ്പോൾ തിരക്കിട്ട് ഒരു മുഹമ്മദ്ദീയൻ എന്റെ കംപാർട്ടുമെന്റിൽ കയറി, എന്റെ സാധനങ്ങളെല്ലാം കണ്ട് ഞാൻ എവിടേക്കാണ് പോകുന്നതെന്നു ചോദിച്ചു. എന്റെ ഉദ്ദേശം ഞാൻ പറഞ്ഞപ്പോൾ അയാളെന്നോട് ദാദറിലേക്ക് പോകേണ്ടെന്നും മന്മാഡ്മെയിൽ ദാദറിൽ നിൽക്കില്ലെന്നും ഞാൻ ബോരി ബന്ദറിൽ ഇറങ്ങിയാൽ മതിയെന്നും നിർദ്ദേശിച്ചു. ഈ ചെറിയ അത്ഭുതലീല സംഭവിച്ചില്ലായിരുന്നുവെങ്കിൽ പിറ്റേന്നു ഞാൻ ഷിർദ്ദിയിലെത്തുകയില്ലെന്നു മാത്രമല്ല എന്റെ സംശയങ്ങൾ തന്നെ വർദ്ധിക്കുമായിരുന്നു. പക്ഷെ അങ്ങിനെയാവാൻ പാടില്ല. ഭാഗ്യം എന്റെ ഭാഗത്തായിരുന്നതുകൊണ്ട് പിറ്റേന്ന് രാവിലെ 9നും 10നുമിടക്ക് ഞാൻ ഷിർദ്ദിയിലെത്തി. ബാബുസാഹെബ് (കാക്കാ ദീക്ഷിത്) അവിടെ കാത്തുനിന്നിരുന്നു. ഇത് 1910ൽ ആയിരുന്നതുകൊണ്ട് അവിടെ ഭക്തന്മാർക്ക് താമസിക്കാൻ സതെയുടെ വാഡ മാത്രമെ ഉണ്ടായിരുന്നുള്ളൂ. കുതിരവണ്ടിയിൽ നിന്നിറങ്ങിയതോടുകൂടി ബാബാ ദർശനത്തിന് എനിക്ക് ഔൽസുക്യം വർദ്ധിക്കുകയും ഉടനെതന്നെ മഹാഭക്തനായ താത്ത്യാ സാഹെബ് നൂൽക്കാർ മസ്ജിദിൽനിന്ന് മടങ്ങിവരും വഴി ഞങ്ങളെ കാണുകയും ഞങ്ങളോട് സായിബാബ സത്രത്തിന്റെ മൂലക്കൽ നിൽക്കുന്നുണ്ടെന്നും ഉടനെ പ്രാരംഭമായി ദർശനം കഴിക്കാമെന്നും പിന്നീട് സ്നാനത്തിനുശേഷം സൗകര്യമായി ബാബയെ കാണാമെന്നു പറയുകയും ചെയ്തു. ഇതു കേട്ട ഉടനെ ഞാൻ ഓടി ചെന്ന് ബാബയെ നമസ്ക്കരിച്ചു. എന്റെ ആനന്ദത്തിന് അതിരില്ലായിരുന്നു. നാനാ ചന്ദോർക്കർ പറഞ്ഞു തന്നതിലും എത്രയോ

ഉപരിയാണ് ഞാൻ കണ്ടത്. എന്റെ എല്ലാ ബോധനോപാധികളും ആ ദർശന മാത്രയിൽ സംതൃപ്തമായി. ഞാൻ വിശപ്പും ദാഹവും വിസ്മരിച്ചു. ബാബയുടെ പാദസ്പർശനം ചെയ്ത മാത്രയിൽ ഞാൻ എന്റെ ജീവിതത്തിൽ പുതിയ തുടക്കം കുറിച്ചു. ഈ ദർശനത്തിന് എനിക്ക് വഴിവെച്ചും ത്വരിതപ്പെടുത്തിയും തന്ന എല്ലാവരോടും ഞാൻ കടപ്പാടുള്ളവനാണ്. അവരെന്റെ യഥാർത്ഥ ബന്ധുക്കളാണ്. അവരോടുള്ള കടപ്പാട് എനിക്ക് തീർത്താൽ തീരാത്തതാണ്. ഞാൻ അവരെ സ്മരിച്ച് മനസ്സാകെ നമിക്കുന്നു. സായി ദർശനത്തിന്റെ പ്രത്യേകത എനിക്ക് മനസ്സിലായേടത്തോളം ദർശനമാത്രയിൽത്തന്നെ ചിന്താഗതികൾ അപ്പാടെ മാറ്റുന്നുവെന്നു മാത്രമല്ല, മുമ്പു ചെയ്ത കൃത്യങ്ങളുടെ ശക്തി നിശ്ശേഷം നിർമ്മാർജ്ജനം ചെയ്ത്, പ്രകൃത്യാ ക്രമേണ ലൗകികത്തോട് നിസ്സംഗത്വവും നിർവികാരത്വവും വളർത്തിയെടുക്കുന്നുവെന്നതുമാണ്. പൂർവ്വ ജന്മങ്ങളിലെ സൽക്കർമ്മം കൊണ്ട് മാത്രമാണ് ഈ ദർശനത്തിന് സാദ്ധ്യമാവുന്നത്. സായിബാബയെ ദർശിക്കലൊന്നുകൊണ്ടു മാത്രം മുഴുവൻ പ്രപഞ്ചവും സായിരൂപമായി നമുക്ക് അനുഭവപ്പെടുന്നതാണ്.

## ചൂട്ട വാഗ്വാദം

ഞാൻ ആദ്യമായി ഷിർദ്ദിയിൽ എത്തിയ അന്നു തന്നെ ഞാനും ബാലാസാഹെബ് ഭാട്ടെയുമായി ഒരു ഗുരുവിന്റെ ആവശ്യകതയെക്കുറിച്ച് ഒരു വാഗ്വാദമുണ്ടായി. ഞാൻ വാദിച്ചത് 'നാമെന്തിന് നമ്മുടെ സ്വാതന്ത്ര്യം ഉപേക്ഷിച്ച് മറ്റുള്ളവർക്ക് വഴങ്ങുന്നു. നമുക്ക് നമ്മുടെ പ്രവൃത്തി ചെയ്യേണ്ടിയിരിക്കെ ഒരു ഗുരുവിന്റെ ആവശ്യമെന്താണ്? തന്നത്താൻ പരിശ്രമിച്ച് രക്ഷിക്കേണ്ടിയിരിക്കുന്നു. ഒന്നും ചെയ്യാതെ ഉറങ്ങി, സമയം കളയുന്ന ഒരാളെ ഗുരുവിന്നു എന്തു ചെയ്യാൻ കഴിയും? ഇങ്ങനെ സ്വാത

ന്ത്രമാർഗ്ഗത്തെക്കുറിച്ച് ഞാനും, മിസ്റ്റർ ഭാട്ടെ മറിച്ച് വിധിയെക്കുറിച്ച് ഇപ്രകാരവും വാദിച്ചു. "സംഭവിക്കാനുള്ളത് സംഭവിച്ചേ തീരൂ. മഹത്തുക്കൾ കൂടി പരാജിതരാവുന്നു. മനുഷ്യൻ ഒന്നാശിക്കുന്നു. ദൈവം മറ്റൊന്നു വരുത്തുന്നു. നിങ്ങളുടെ സാമർത്ഥ്യത്തെപ്പറ്റി മറക്കൂ. അഹങ്കാരവും അഹംഭാവവും നിങ്ങളെ സഹായിക്കുന്നില്ല". ഈ വാഗ്വാദം എല്ലാ വശങ്ങളെക്കുറിച്ചും ഒരു മണിക്കൂറിലധികം നടന്നെങ്കിലും സാധാരണപോലെ ഒരു തീരുമാനത്തിലും എത്തിയില്ല. ഒടുക്കം മടുത്ത് ഞങ്ങൾക്ക് വാദം നിർത്തേണ്ടി വന്നു. ഇതിന്റെ എല്ലാം ഫലമായി എന്റെ മനഃശാന്തി നഷ്ടപ്പെടുകയും അഹംഭാവംകൊണ്ടും മറ്റും മാത്രമാണ് ഇത്തരം വാദത്തിന് പോകേണ്ടിവരുന്നതെന്ന് മനസ്സിലാക്കുകയും ചെയ്തു. ഞാനെന്ന ഭാവംകൊണ്ട് മാത്രമാണ് ചുരുക്കത്തിൽ വാഗ്വാദത്തിന് പോകുന്നത്.

പിന്നീട് ഞങ്ങൾ മറ്റുള്ളവരോടൊപ്പം മസ്ജിദിൽ പോയപ്പോൾ ബാബ കാക്കാസാഹെബ് ദീക്ഷിത്തിനോട് ഇപ്രകാരം ചോദിച്ചു.

'എന്താ സതേവാഡയിൽ ന്ടന്നുകൊണ്ടിരുന്നത്? എന്തിനെ സംബന്ധിച്ചായിരുന്നു തർക്കം? എന്നിട്ട് എന്നെ തറപ്പിച്ചുനോക്കി ബാബ വീണ്ടും ചോദിച്ചു. 'ഈ ഹേമദ്പാന്ത് എന്തു പറയുന്നു?'

ഈ വാക്കുകൾ കേട്ടപ്പോൾ ഞാൻ അതിശയിച്ചുപോയി. മസ്ജിദ്, ഞാൻ താമസിക്കുന്നതും വാദം നടന്നതുമായ സതേവാഡയിൽ നിന്നു സാമാന്യം അകലെയാണ്. ബാബ അന്തർയ്യാമിയും അന്തക്കരണങ്ങളുടെ നാഥനുമല്ലെങ്കിൽ എങ്ങിനെ ഈ വാദത്തെ മനസ്സിലാക്കി?

## മർമ്മപ്രധാനവും ഭാവിസൂചകവുമായ സ്ഥാനപ്പേര്

എന്താണ് സായിബാബ എന്നെ ഹേമദ്പാന്ത് എന്ന് വിളി

ക്കാൻ കാരണം? ഈ പദം ഹേമാദ്രിപാന്ത് എന്ന പേരിന്റെ ഒരു ചുരുക്കപ്പേരായി നാടൻ ഭാഷയിൽ പറഞ്ഞുവരുന്നതാണ് ഈ ഹേമാദ്രിപാന്ത് യാദവ വംശത്തിൽപ്പെട്ട ദേവഗിരിയിലെ മഹാ ദേവ്, രാമദേവ് എന്നീ രാജാക്കന്മാരുടെ പ്രശസ്തനായ സചിവ നായിരുന്നു. അദ്ദേഹം അഗാദ പണ്ഡിതനും സൽസ്വഭാവിയും ചതുർവർഗ്യചിന്താമണി, രാജപ്രശസ്തി എന്നീ മഹദ് ഗ്രന്ഥ ങ്ങളുടെ രചയിതാവുമായിരുന്നു. പുതിയതരം കണക്ക് സൂക്ഷി ക്കുന്ന സമ്പ്രദായവും മറ്റും അദ്ദേഹം കണ്ടുപിടിച്ച് പ്രചരിപ്പിച്ച താണ്. മോഡി എന്ന മറാത്തി ചുരുക്കെഴുത്ത് അദ്ദേഹം തുട ങ്ങിവെച്ചതാണ്. അദ്ദേഹവുമായി താരതമ്യപ്പെടുത്തിയാൽ ഞാൻ നേരെ വിപരീതമായ മൂഢനും ബുദ്ധിശൂന്യനുമായ ഒരു വെറും സാധാരണക്കാരനാണ്. അതുകൊണ്ട് അത്തരത്തിലൊരു സംജ്ഞ എനിക്ക് തന്നതിന്റെ പ്രസക്തി എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. പക്ഷേ അതിനെപ്പറ്റി അവഗാഢമായി ചിന്തിച്ചതിൽ ആ പേര് എന്റെ അഹംഭാവത്തിനെതിരായ ഒരു ശരമായിരുന്നു വെന്നും ഞാൻ സദാ ശാന്തനും എളിയവനുമായിരിക്കണമെന്ന് എന്നെ മനസ്സിലാക്കിത്തരുകയായിരുന്നുവെന്നും എനിക്കു വെളി പ്പെട്ടു. കൂടാതെ തർക്കത്തിലുണ്ടായ എന്റെ സാമർത്ഥ്യത്തെ അഭി നന്ദിക്കലുമായിരിക്കാം അത്.

(എന്നാൽ ഭാവി ചരിത്രം നോക്കുമ്പോൾ ബാബ, ദാഭോൽക്കർക്ക് ഹേമദ്പാന്ത് എന്ന സ്ഥാനപ്പേർ കൊടുത്തത് സമുചിതവും അർത്ഥവത്തുമാണെന്ന് മാത്രമല്ല ഭാവിയെ സൂചി പ്പിക്കലായിരുന്നു എന്നും വ്യക്തമാണ്. അദ്ദേഹം പിന്നീട് സായി സനസ്ഥാൻ വളരെ സമർത്ഥമായി ഭരിക്കുകയും കൃത്യമായും സത്യമായും കണക്കുകൾ സൂക്ഷിക്കുകയും ചെയ്തുവെന്നു മാത്രമല്ല 'സായിസച്ചരിതമെന്ന' ജ്ഞാനം, ഭക്തി, നിസ്സംഗം എന്നീ വിഷയങ്ങളെക്കുറിച്ചും ആത്മാർപ്പണം, ആത്മജ്ഞാനം

എന്നിവയെ സംബന്ധിച്ചും പ്രതിപാദിക്കുന്ന ഒരു മഹൽഗ്രന്ഥം രചിക്കുകയും ചെയ്തു.)

## ഗുരുവിന്റെ ആവശ്യകതയെപ്പറ്റി

ഇതിനെപ്പറ്റി ബാബ പറഞ്ഞതിനെ സംബന്ധിച്ച് ഹേമദ്പാന്ത് യാതൊരു കുറിപ്പോ മറ്റോ എഴുതിക്കാണുന്നില്ലെങ്കിലും കാക്കാസാഹെബ് ദീക്ഷിത് ഇത് സംബന്ധിച്ച് അദ്ദേഹത്തിന്റെ കുറിപ്പുകൾ പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഹേമദ്പാന്തും സായിബാബയും തമ്മിൽ മുൻ പറഞ്ഞ സംഭാഷണം നടന്നതിന്റെ പിറ്റേന്ന് കാക്കാസാഹെബ് ബാബയെക്കണ്ട് ഷിർദ്ദിയിൽ നിന്നും മടങ്ങിപ്പോകാൻ അനുവാദം ചോദിച്ചു. ബാബ സമ്മതിച്ചു. അപ്പോൾ മറ്റൊരാൾ ഇങ്ങനെ ചോദിച്ചു: 'ബാബ!എവിടെ പോകാനാണ്! ബാബ പറഞ്ഞു, 'ഉന്നതിയിലേക്ക് അപ്പോൾ അപരൻ ചോദിച്ചു എങ്ങിനെയാണ് വഴി' ബാബ ഇപ്രകാരം പറഞ്ഞു 'അവിടേക്ക് വളരെ ഏറെ മാർഗ്ഗങ്ങളുണ്ട്. ഈ ഷിർദ്ദിയിൽ നിന്നും ഒരു മാർഗ്ഗമുണ്ട്. വഴി ദുർഘടം പിടിച്ചതാണ്. മാർഗ്ഗമദ്ധ്യത്തിലെ വനാന്തരങ്ങളിൽ പുലികളും ചെന്നായ്ക്കളുമുണ്ട്. അതുകേട്ട് കാക്കാസാഹെബ് ചോദിച്ചു - പക്ഷെ ബാബ, ഒരു വഴികാട്ടിയെ ഞങ്ങൾ കൂടെ കൂട്ടിയാലോ? ബാബ അതിന് ഇപ്രകാരം മറുപടി പറഞ്ഞു. 'എങ്കിൽ യാതൊരു വിഷമവുമില്ല. വഴികാട്ടി നിങ്ങളെ കുണ്ടുകളിൽനിന്നും കുഴികളിൽനിന്നും പുലികളിൽനിന്നും ചെന്നായ്ക്കളിൽനിന്നും അകറ്റി നേരെ ലക്ഷ്യത്തിലെത്തിക്കും. അത്തരം വഴികാട്ടിയില്ലെങ്കിൽ നിങ്ങൾ കാട്ടിൽ വഴി തെറ്റിപ്പോവാനോ അഗാധഗർത്തങ്ങളിൽ വീണുപോവാനോ സാദ്ധ്യതയുണ്ട്.' ദാഭോൽക്കർ ഈ അവസരത്തിൽ സന്നിഹിതനായിരുന്നു. ഗുരുവിന്റെ ആവശ്യകതയെക്കുറിച്ച് ബാബയുടെ ഖണ്ഡിതമായ അഭിപ്രായം ഇതാണെന്ന് അയാൾക്ക് മനസ്സിലായി. (സായിലീല - വാള്യം 1 - നമ്പ്ര് 5 പേജ് 47) അന്നുതൊട്ട്, മനുഷ്യൻ

സ്വതന്ത്രനോ പരാധീനനോ എന്നും മറ്റുമുള്ള വാഗ്വാദങ്ങൾ ആദ്ധ്യാത്മിക വിഷയങ്ങളിൽ അപ്രസക്തവും അനാവശ്യവുമാണെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായി. പരമാർത്ഥതത്ത്വം ഗ്രഹിപ്പാൻ ഗുരുപദേശം കൊണ്ട് മാത്രമേ സാദ്ധ്യമാവൂ എന്നും അവതാര പുരുഷന്മാരായ ശ്രീരാമകൃഷ്ണന്മാർപോലും ഗുരുഭക്തന്മാരായ വസിഷ്ഠൻ, സാന്ദീപനി എന്നിവർക്ക് വഴങ്ങിയിരുന്നുവെന്നും, ആത്മബോധത്തിനും പുരോഗമനത്തിനുംവേണ്ട ഒരേ ഒരു ഗുണം വിശ്വാസവും ക്ഷമയുമാണെന്നും ഹേമദ്പാന്തിന് മനസ്സിലാവുകയും അത് സായിസച്ചരിതം മൂലഗ്രന്ഥത്തിൽ 2-ാം അദ്ധ്യായം 191, 192 എന്നീ ശ്ലോകങ്ങളിൽ അദ്ദേഹം വ്യക്തമാക്കുകയും ചെയ്തു.

ശ്രീ സായിയെ നമിക്കുവിൻ, ലോകശാന്തി ഭവിക്കട്ടെ!